(ബി) പൊതുവിൽ ഒരു ജില്ലയിൽ 3 വർഷം പൂർത്തിയായവരെയാണ് സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നത്.

(സി) ഇടുക്കി ജില്ലയിൽനിന്ന് അപേക്ഷ ലഭിച്ചവരിൽനിന്നും മേൽ ഉത്തരവിന്റെ വ്യവസ്ഥകൾ പ്രകാരം അർഹരായ 34 പേർക്ക് 2015-ൽ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(ഡി) സ്ഥലംമാറ്റ മാനദണ്ഡപ്രകാരം അർഹരായവർക്കാണ് മാറ്റം നൽകിയിട്ടുള്ളത്.

സർവ്വേ അദാലത്ത്

211 (1294) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ അദാലത്തുകൾ സംഘടിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ:

(ബി) എന്തെല്ലാം ഉദ്ദ്യേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുണ്ടായിരുന്നതും 1-11-2014 മുതൽ 20-12-2014 വരെ രജിസ്റ്റർ ചെയ്തതുമായ പരാതികൾ സമയബന്ധിതമായി തീർപ്പാക്കിയും റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് തികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യൂ സർവ്വേ അദാലത്ത് സംഘടിപ്പിക്കുകയും LRM, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 31-10-2014 വരെ ലഭിച്ചതുമായ 4,76,377 അപേക്ഷകളിൽ 4,75,796 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാകളക്ടർമാർ സ്വീകരിച്ചിട്ടുള്ളതുമാണ്.

റീ-സർവ്വേ അദാലത്തുകൾ

212 (1295) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റീ-സർവ്വേ അദാലത്തിൽ പരിഹരിക്കപ്പെടാത്ത എത്ര അപേക്ഷകൾ ഉണ്ട് ; പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നതെന്ന് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) റീ-സർവ്വേ നടപടികളിലൂടെയും അദാലത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ പരിഹാര നടപടികളിലൂടെയും സർക്കാർ പുറമ്പോക്കുകളോ തരിശുകളോ സ്വകാര്യ വ്യക്തികൾക്ക് നൽകുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ടോ; ഇത്തരം അപാകതകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5002 പരാതികൾ. സർവ്വേ ജീവനക്കാരുടെ കുറവും മുൻ സർവ്വേ റിക്കാർഡുകളുടെ അഭാവവും കൂട്ടനാട് പോലുള്ള പ്രദേശങ്ങളിൽ കാലാവസ്ഥാപരമായി സീസൺകൂടി പരിഗണിക്കേണ്ടതുമാകയാൽ പരാതികൾ പരിഹരിക്കാൻ കാലതാമസം നേരിടാറുണ്ട്.

(ബി) ഇല്ല. നാളത്ത റവന്യൂ രേഖകൾ പരിശോധിച്ച് നിയമാനുസൃത സർവ്വേ നടപടികളുടെ ആരംഭത്തിൽതന്നെ സർക്കാർ ഭൂമി സർക്കാർ ഉടമസ്ഥതയിൽ നിർത്തിയാണ് റീ-സർവ്വേ നടപടികളും റിസർവ്വേ പരാതി പരിഹാര നടപടികളും സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly